REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-05-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് പ്രമുഖ നേതാക്കൾ ഇന്നലെ പത്രിക സമർപ്പിച്ചു. നാളെ കൂടി പത്രിക നൽകാം.
- സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് പരീക്ഷാ പരിഷ്ക്കരണം ഇന്ന് മുതൽ നടപ്പാക്കും.
- ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുന്നതടക്കം വിഷയങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഇന്ന് ഉന്നതതലയോഗം.
- സംസ്ഥാനത്ത് കൊടും ചൂട് തുടരുന്നു. പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- വൈശാലി രമേഷ് ബാബുവിന് ഫിഡെ ഗ്രാൻഡ് മാസ്റ്റർ പദവി സമ്മാനിച്ചു.

## വാർത്തകൾ വിശദമായി

അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ ഇന്നലെ പത്രിക സമർപ്പിച്ചു. ഉത്തർപ്രദേശിലെ സുൽത്താൻപൂർ മണ്ഡലത്തിൽ നിന്ന് BJP നേതാവ് മനേകാ ഗാന്ധി പത്രിക നൽകി. സമാജ്-വാദി പാർട്ടി നേതാവ് രാം ഭുവൽ നിഷാദ്, BSP നേതാവ് ഉദയ്രാജ് വർമ്മ എന്നിവരും ഇതേ മണ്ഡലത്തിൽ മത്സരിക്കാൻ പത്രിക സമർപ്പിച്ചു. നോർത്ത് ഈസ്റ്റ് ഡൽഹിയിൽ കോൺഗ്രസ് സ്ഥാനാർത്ഥി കനയ്യ കുമാറിനെതിരെ, BJP യിലെ മനോജ് തിവാരിയും ഇന്നലെ പത്രിക നൽകി. കോൺഗ്രസ് നേതാവ് കുമാരി ഷെൽജ ഹരിയാനയിലെ സിർസ മണ്ഡലത്തിലും

പത്രിക സമർപ്പിച്ചു. നാളെയാണ് പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസം.

✪✪✪

ഭരണഘടനയുടെ പവിത്രത കാത്തുസൂക്ഷിക്കുന്നതിൽ ഗവണ്മെന്റിന്റെ പ്രതിബദ്ധത പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി ആവർത്തിച്ചു. വടക്കൻ ഗുജറാത്തിലെ സബർകാന്ത ജില്ലയിൽ വിവിധ തെരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യുകയായിരുന്നു മോദി.

ഭരണഘടന അനുശാസിക്കുന്ന SC, ST, OBC സംവരണാവകാശങ്ങൾ സംരക്ഷിക്കുമെന്ന് ബനസ്കാന്തയിലെ റാലിയിൽ പ്രധാനമന്ത്രി പറഞ്ഞു. പ്രീണനത്തിന്റെ വിഭജന രാഷ്ട്രീയമാണ് കോൺഗ്രസ് നടത്തുന്നതെന്ന് മോദി വിമർശിച്ചു.

✪✪✪

കോൺഗ്രസ്സിനെതിരെ മോശം പരാമർശം നടത്തിയ BRS നേതാവ് K ചന്ദ്രശേഖർ റാവുവിനെതിരെ തിരഞ്ഞെടുപ്പ് കമ്മീഷൻ 48 മണിക്കൂർ പ്രചാരണ വിലക്കേർപ്പെടുത്തി. വിലക്ക് ഇന്നലെ രാത്രി എട്ടിന് നിലവിൽ വന്നു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പൊതുയോഗങ്ങളിലോ, റാലികളിലോ, അഭിമുഖങ്ങളിലോ പങ്കെടുക്കരുതെന്നാണ് നിർദ്ദേശം.

✪✪✪

സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് പരീക്ഷാ പരിഷ്ക്കരണം ഇന്ന് മുതൽ നടപ്പാക്കും. കാറുകളും മറ്റു ചെറിയ വാഹനങ്ങളും ഉൾപ്പെടുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കാണ് ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം.

പുതിയ ട്രാക്കുകൾ ഒരുക്കിയിട്ടില്ലെങ്കിലും ചില മാറ്റങ്ങളോടെയാകും പരീക്ഷ. റോഡ് ടെസ്റ്റിന് ശേഷമായിരിക്കും H ടെസ്റ്റിൽ പങ്കെടുപ്പിക്കുക. റോഡ് ടെസ്റ്റിലും, ഇതുവരെ നടത്തിയ രീതികളിൽ മാറ്റമുണ്ടാകും.

പരിഷ്കരണത്തിൽ പ്രതിഷേധിച്ച് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചിട്ടുണ്ട്. ഡ്രൈവിംഗ് പരിഷ്ക്കാരം ബഹിഷ്ക്കരിക്കുമെന്ന് CITU ഉൾപ്പടെ സംഘടനകൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുന്നതടക്കം വിഷയങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഇന്ന് ഉന്നതതലയോഗം ചേരും. വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ മന്ത്രി

K കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിലാണ് യോഗം. ബോർഡ് ചെയർമാനും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. കഴിഞ്ഞ ദിവസങ്ങളിൽ വൈദ്യുതി ഉപയോഗത്തിൽ വൻ വർദ്ധന ഉണ്ടായതിനെ തുടർന്ന് പലയിടങ്ങളിലും വൈദ്യുതി തടസ്സം റിപ്പോർട്ട് ചെയ്തിരുന്നു. ഉപഭോഗം നിയന്ത്രിക്കാതെ ഇപ്പോഴത്തെ സാഹചര്യം നേരിടാനാവില്ലെന്ന് KSEB വിലയിരുത്തിയിട്ടുണ്ട്.

✪✪✪

ലാവ്-ലിൻ കേസിൽ സുപ്രീംകോടതിയില അന്തിമവാദം ഇന്ന് നടന്നേക്കും. ഇന്നലെ കേസ് പരിഗണിച്ച സുപ്രീംകോടതി, മറ്റു കേസുകളുടെ വാദം നീണ്ടതിനെ തുടർന്ന് ലാവ്-ലിൻ കേസ് ഇന്നത്തേക്ക് മാറ്റുകയായിരുന്നു. ലാവ്-ലിൻ കരാറിലൂടെ സംസ്ഥാനത്തിന് 375 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന കേസിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ ഊർജ്ജ സെക്രട്ടറി K മോഹനചന്ദ്രൻ, ജോയിന്റ് സെക്രട്ടറി A ഫ്രാൻസിസ് എന്നിവരെ വിചാരണ കൂടാതെ കുറ്റവിമുക്തരാക്കിയ ഹൈക്കോടതി തീരുമാനം ചോദ്യം ചെയ്താണ് CBI സുപ്രീം കോടതിയെ സമീപിച്ചത്.

✪✪✪

തിരുവനന്തപുരത്ത് KSRTC ബസിലെ മെമ്മറി കാർഡ് കാണാതായ സംഭവത്തിൽ പൊലീസ് കേസെടുത്തു. കോർപറേഷൻ മാനേജിംഗ് ഡയറക്ടർ നൽകിയ പരാതിയിലാണ് തമ്പാനൂർ പൊലീസ് കേസെടുത്തത്. മേയർ ആര്യാ രാജേന്ദ്രനും KSRTC ഡ്രൈവറുമായി ഉണ്ടായ വാക്-തർക്കത്തിൽ നിർണായക തെളിവായേക്കാവുന്ന മെമ്മറി കാർഡാണ് കാണാതായത്.

✪✪✪

സംസ്ഥാനത്ത് കൊടും ചൂട് തുടരുന്നു. ഉഷ്ണതരംഗം കണക്കിലെടുത്ത് പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ഞായറാഴ്ച വരെ തിരുവനന്തപുരം, എറണാകുളം, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ 3 മുതൽ 5 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

ഞായറാഴ്ച വരെ കേരളത്തിൽ ചിലയിടങ്ങളിലും ലക്ഷദ്വീപിലും ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറും മുതിർന്ന CPIM നേതാവുമായ O.V നാരായണൻ നിര്യാതനായി. 85 വയസ്സായിരുന്നു. മസ്തിഷ്കാഘാതത്തെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കെ ഇന്നലെ രാത്രിയായിരുന്നു അന്ത്യം.

കേരള ക്ലേ ആന്റ് സിറാമിക്സ് ചെയർമാൻ, കണ്ണൂർ സ്പിന്നിങ് മിൽ ചെയർമാൻ, കെൽട്രോൺ ഡയറക്ടർ, മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി പ്രസിഡന്റ് എന്നി സ്ഥാനങ്ങൾ വഹിച്ചു. കർഷക സംഘത്തിന്റെ മുന്നണിനേതാക്കളിൽ ഒരാളായിരുന്നു. ഭൗതിക ശരീരം പൊതുദർശനത്തിനു വെച്ച ശേഷം വൈകിട്ട് ഏഴോം പൊതുശമശാനത്തിൽ സംസ്കരിക്കും.

നാരായണന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

റബർ മുൻ ഡെപ്യൂട്ടി ഡയറക്ടർ A അരവിന്ദൻ കോട്ടയത്ത് നിര്യാതനായി. 88 വയസ്സായിരുന്നു. ഗാനരചയിതാവ് അഭയദേവിന്റെ മകനാണ്. ചിന്മയ മിഷൻ സെക്രട്ടറി, കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക ട്രസ്റ്റ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. സംസ്കാരം ശനിയാഴ്ച ഉച്ചകഴിഞ്ഞ് നടത്തും.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് സൗദി അറേബ്യയിലെ റാസൽ ഖൈമയിലേക്ക് സർവീസിന് തുടക്കമായി. ഇന്നുമുതൽ ദമാമിലേക്കും സർവീസ് ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്)................

✪✪✪

ഇന്ത്യൻ ചെസ്സ് താരം വൈശാലി രമേഷ് ബാബുവിന് അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷൻ, ഗ്രാൻഡ് മാസ്റ്റർ പദവി സമ്മാനിച്ചു. കൊനേരു ഹംപി, ഹരിക ദ്രോണവല്ലി എന്നിവർക്ക് ശേഷം വൈശാലി മൂന്നാമത്തെ ഇന്ത്യൻ വനിതാ ഗ്രാൻഡ് മാസ്റ്ററായി മാറി.

കഴിഞ്ഞ മാസം ടൊറന്റോയിലെ കാൻഡിഡേറ്റ്സ് ടൂർണമെന്റിനിടെ ഫിഡെ കൗൺസിൽ യോഗമാണ് പദവി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

✪✪✪

റാഞ്ചിയിൽ ദേശീയ വനിതാ ഹോക്കി ലീഗിൽ ഹരിയാന, മണിപ്പൂരിനെയും മഹാരാഷ്ട്ര, മിസോറാമിനെയും, മധ്യപ്രദേശ് ഒഡീഷയെയും, ജാർഖണ്ഡ് ബംഗാളിനെയും ഇന്നലെ തോൽപ്പിച്ചു.

രണ്ടാം ദിനത്തിലെ ഉദ്ഘാടന മത്സരത്തിൽ മണിപ്പൂരിനെ ഹരിയാന എതിരില്ലാത്ത 8 ഗോളിനാണ് തോൽപ്പിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ പഞ്ചാബ്, പോയിന്റ് പട്ടികയിൽ ഏഴാം സ്ഥാനത്തെത്തി. ചെന്നൈ നാലാം സ്ഥാനത്ത് തുടരുന്നു.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

കണ്ണൂരിൽ ജില്ലാ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോളിൽ കണ്ണൂർ ലക്കി സ്റ്റാർ ക്ലബ്, മറുപടിയില്ലാത്ത 7 ഗോളിന് ലക്കി ബോയ്സ് കണ്ണൂരിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ഒന്നിനെതിരെ അഞ്ച് ഗോളിന് കണ്ണൂർ ജിംഖാന ക്ലബ്ബ്, കുത്തുപറമ്പ് ബ്രദേർസ് ക്ലബ്ബിനെ പരാജയപ്പെടുത്തി.

ഇന്ന് കണ്ണൂർ S.N കോളേജ്, വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെൻററുമായും, ചാലാട് മൈത്രി സ്പോർട്സ് ക്ലബ്, കണ്ണൂർ യുണൈറ്റഡ് FC യുമായും ഏറ്റുമുട്ടും.

✪✪✪

ആലുവയ്ക്കു സമീപം മീൻ കയറ്റിവന്ന കണ്ടെയ്നർ ലോറി മെട്രോ തൂണിലിടിച്ച് രണ്ടു പേർ മരിച്ചു. ആന്ധ്രയിൽ നിന്ന് വരികയായിരുന്ന

ലോറി പുലർച്ചെ രണ്ടു മണിയോടെയാണ് അപകടത്തിൽപ്പെട്ടത്. കൊച്ചി മെട്രോയുടെ 187-ാം നമ്പർ തൂണിലാണ് ലോറിയിടിച്ചത്. ഡ്രൈവറും സഹായിയും സംഭവസ്ഥലത്തു തന്നെ മരിച്ചു.

✪✪✪

വൈക്കം ബീച്ചിലെ ഗ്രൗണ്ടിൽ ക്രിക്കറ്റ് കളിക്കിടെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു. തലയോലപ്പറമ്പ് തലപ്പാറ സ്വദേശി ഷമീർ ആണ് മരിച്ചത്. ഉയർന്ന അന്തരീക്ഷ താപനിലയാണോ മരണകാരണമെന്ന് വ്യക്തമല്ല.

✪✪✪

കാഞ്ഞങ്ങാട് വെള്ളിക്കോത്ത് ഇന്നലെ വൈകിട്ട് പിക്കപ്പ് വാനും സ്കൂട്ടിയും കൂട്ടിയിടിച്ച് യുവാവ് മരിച്ചു. മടിക്കൈ ഏച്ചിക്കാനത്തെ പ്രമോദാണ് മരിച്ചത്.

✪✪✪

തൃശ്ശൂർ ബാങ്ക് ഓഫ് ഇന്ത്യ ശാഖയിലെ CPIM അക്കൗണ്ട് അനധികൃതമായത് ബാങ്ക് അധികൃതർ പാൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയതു കൊണ്ടാണെന്ന് പാർട്ടി ജില്ലാ സെക്രട്ടറി M.M വർഗീസ് പറഞ്ഞു. നിയമപരമായ ഇടപാടുകൾ മാത്രമാണ് പാർട്ടി നടത്തുന്നതെന്നും അദ്ദേഹം അറിയിച്ചു. പാർട്ടി ചെലവുകൾക്കായി തിരഞ്ഞെടുപ്പുകാലത്ത് പിൻവലിച്ച തുക ചിലവാക്കരുതെന്ന് ആദായനികുതി വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. ഇതേ തുടർന്നാണ് തുക ബാങ്കിലെത്തിച്ചതെന്നും ജില്ലാ സെക്രട്ടറി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഏപ്രിൽ മാസത്തെ റേഷൻ വിതരണം നാളെ വരെ നീട്ടി. മെയ് മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച ആരംഭിക്കും.

മറ്റന്നാളും ഞായറാഴ്ചയും റേഷൻ കടകൾക്ക് അവധിയായിരിക്കുമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.

✪✪✪

ജലസ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിന് ഇന്ന് മുതൽ 5 ദിവസം മംഗലം ഡാമിൽ നിന്ന് കനാൽ വഴി വെള്ളം തുറന്നു വിടുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചു. ജലസേചനത്തിനോ

മറ്റാവശ്യങ്ങൾക്കോ ഈ വെള്ളം ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട്ട് രാമനാട്ടുകരയിൽ ഇന്നലെ വൈകിട്ട് സ്പെയർ പാർട്സ് കടയ്ക്ക് തീപിടിച്ചു. മൂന്ന് അഗ്നിശമന യൂണിറ്റുകളും നാട്ടുകാരും ചേർന്ന് തീ അണച്ചു.

ഒളവണ്ണ കൊടൽ നടക്കാവ് കരിയാത്തൻകോട്ട ദേവസ്വം കുന്നിൽ കാടിനും തിപിടിച്ചു. രണ്ട് യൂണിറ്റ് ഫയർഫോഴ്സ് എത്തി തീ അണച്ചു.

✪✪✪